# അവതാരിക

ഈ ഗ്രന്ഥം രചിച്ച ടി. കെ. ഗംഗാധരൻ വായനക്കാർക്ക് സുപരിചിതനാണ്. പതിനഞ്ച് നോവലും അനേകം ചെറുകഥകളും അദ്ദേഹം നമുക്ക് നൽകിയിട്ടുണ്ട്. ആയുസ്സിന്റെ പാരിതോഷികം എന്ന ഈ പുതു രചന നല്ലൊരു നോവൽ പോലെ വായിച്ചുപോകാവുന്ന അദ്ദേഹത്തിന്റെ ജീവിതാനുഭവങ്ങളാണ്; അതിൽ ചരിത്രമുണ്ട്; ആത്മകഥയുമുണ്ട്; ഒരു നാടിന്റെ ഉണർവ്വിന്റെ കരുത്തുമുണ്ട്.

നഗരത്തിന്റെ കഥകൾ നാം കേട്ടിട്ടുണ്ട്; ദേശത്തിന്റെ കഥകളും. കൊടുങ്ങല്ലൂരിലെ കാനോലിക്കായൽത്തീരത്തെ ഉഴുവത്തുകടവാണ് ഈ കഥയുടെ തട്ടകം. മുരചീപട്ടണം ചരിത്രത്തിൽ പണ്ടേ പ്രസിദ്ധം; ചിലപ്പതികാരത്തിന്റെ നാട്; ചേരരാജാക്കന്മാരുടെ തലസ്ഥാനം. കാലം കുത്തിയൊലിക്കെ തുറമുഖമടഞ്ഞു. കഴിഞ്ഞ നൂറ്റാണ്ടിന്റെ പുലരിയിൽ നാടുവാഴികളും തമ്പ്രാക്കളും നാട് വാണു. കൊടുങ്ങല്ലൂരിലെ ഒരു തുരുത്താണ് ഉഴുവത്തുകടവ്.

ഗ്രന്ഥകാരൻ തന്നെയാണിതിലെ ആ ആഖ്യാതാവ്. കാലത്തിന്റെ മൂന്ന് അടരുകളുണ്ട് ആഖ്യാനത്തിൽ. വിമോചനസമരം കഴിയുന്നതുവരെയാണ് ആദ്യത്തെ അടര്. ഉഴുവത്തു കടവിനെ സംബന്ധിച്ചിടത്തോളം ഈ കാലഘട്ടം ദാരിദ്ര്യത്തിന്റെയും യാതനകളുടേതുമായിരുന്നു. ഓലമെടഞ്ഞും പായ നെയ്തും ചുണ്ണാമ്പ് വിറ്റും മടൽ തല്ലിയും റാക്ക് കറക്കിയുമായിരുന്നു ഭൂരിഭാഗം ജനങ്ങളും അരവയറോടെ ദിനരാത്രങ്ങൾ തള്ളി നീക്കിയിരുന്നത്. കെട്ട കാലമായിരുന്നു അതവർക്ക്. ഓലക്കുടിലുകളേ ഉള്ളൂ, പാട്ടവിളക്കിന്റെ തിരി പുകയാൻ മണ്ണെണ്ണയില്ല. നാടൻ ജന്മിമാരുടെ ഗുണ്ടകളുടെയും പോലീസിന്റെയും വിളയാട്ടം. ഈ കാലത്താണ് പുരോഗമനാശയങ്ങളുടെ ആവിർഭാവം. കോവിലകങ്ങളിൽ പുരോഗമനചിന്തയുടെ വിത്തുപാകിയത് കുഞ്ഞിക്കുട്ടിതമ്പുരാട്ടിയായിരുന്നു. തുടർന്നു പാലിയം സമരം. നാടൊന്നു സട കുടഞ്ഞെണീറ്റു. ഓരോ കുടിലിലുമുണർന്നു അണയാത്ത ജ്വാലകൾ. പോലീസിന്റെ കണ്ണിൽ ആ ഗ്രാമം സഖാക്കളുടെ നാടായി-മോസ്ക്കോ. തീപ്പൊരിസംഘമായി സഖാക്കൾ. ഇന്ത്യയിലാദ്യമായി തെരെഞ്ഞെടുപ്പിലൂടെ ഒരു സഖാവ് നിയമസഭയിലെത്തി-ഇ. ഗോപാലകൃഷ്ണമേനോൻ. ഐക്യകേരളമായപ്പോൾ ആദ്യത്തെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ. ഇ.എം.എസ്. കൊടുങ്ങല്ലൂരെത്തി; ജനങ്ങളോട് സംസാരിച്ചു. വൈകാതെ മന്നമെത്തി; വിമോചനസമരത്തിന് പട നയിച്ചുകൊണ്ട്. മോസ്കോയുടെ  കനൽവിത്തുകൾ വിട്ടുകൊടുത്തില്ല. കേരളത്തിലെ ഏതൊരു ഗ്രാമത്തെയും പോലെ നവോത്ഥാനം നൽകിയ പ്രബുദ്ധതയുടെ രാഷ്ട്രീയബോധത്തിൽ ജ്വലിക്കുകയായിരുന്നു ഉഴവത്തുകടവും.

1964 മുതൽ 1991 വരെയുള്ള 27 വർഷമാണ് വളർച്ചയുടെ അടുത്ത ഏട്. രംഗമിപ്പോൾ വിവിധ സൈനികത്താവളങ്ങളിലെ ബാരിക്കേടുകളാണ്. നായകൻ പട്ടാളത്തിൽ ചേർന്നു. പുതുമയാർന്ന അനുഭവങ്ങളാണ് ക്യാമ്പുകളിലേത്. കോവിലനും നന്തനാരുമൊക്കെ പകർന്നുതന്നതിന്റെ തുടർച്ചയാണ്; എങ്കിലും വ്യത്യസ്തം. മേജർമാരും മംസാഹിബുമാരും ഓർഡർലികളും നിറഞ്ഞതാണ് ലോകം; അപ്പോഴും പുറം ലോകത്തേയ്ക്ക് വെളിച്ചം വീശുന്ന അനവധി അനുഭവങ്ങൾ നിറഞ്ഞതാണിക്കാലം. ഭഗത് സിങ്ങിന്റെ ഗൃഹം സന്ദർശിച്ചതിന്റെ ഓർമ്മകൾ, ജാലിയൻവാലാബാഗിലെ ക്രൂരത, ആയിരങ്ങളെ വെടിവെച്ചു വീഴ്ത്താൻ ഉത്തരവിട്ട് ആ നരവേട്ടയ്ക്ക് നേതൃത്വം നൽകിയ ബ്രിഗേഡിയർ ജനറൽ ഡയറിനെ പിന്തുടർന്നു ഇംഗ്ലണ്ടിൽ വെച്ച് അയാളെ വെടിവെച്ച് വീഴ്ത്തിയ റാം മുഹമ്മദ്ദ് സിംഗ് ആസാദിനെപ്പറ്റിയുള്ള അഭിമാനഭരിതമായ അനുസ്മരണം തുടങ്ങിയവ ബാരക്കുകളുടെ വിരസജീവിതത്തെ നിറം പിടിപ്പിക്കുന്നു. പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ ദാരുണമരണവും തുടർന്നുണ്ടായ സിക്ക് വംശഹത്യയുടെ വിവരണങ്ങളും കണ്ണീരനണിയാതെ വായിച്ചു തീർക്കാൻ കഴിയില്ല. സിക്കുകാരനായ ഇവരുടെ ഓഫീസർ ഹർണാസിങ്ങ് അവധി കഴിഞ്ഞു തിരിച്ചെത്തിയില്ല. അന്വേ

ഷിച്ചെത്തിയപ്പോൾ അറിയുന്നത് കുടുംബത്തോടെ അദ്ദേഹത്തെ ഉന്മൂലനം ചെയ്തെന്നാണ്! ഓരോ സൈനികന്റെ മനസ്സിലുമുണ്ട് ചിന്തയുടെ അഗ്നിപർവ്വതങ്ങൾ. പഞ്ചാബ്സിങ് സദാ ദുഃഖിതനാണ്; എപ്പോഴും എന്തോ തേടുന്നത് പോലെ. വിഭജനകാലത്ത് പാക്കിസ്ഥാനിൽ നിന്ന് ഇന്ത്യയിലേക്ക് കുടിയേറിയതാണ് സിങ്ങിന്റെ കുടുംബം. അച്ഛനും അമ്മയും സഹോദരങ്ങളുമുൾക്കൊള്ളുന്ന സംഘത്തിന്റെ നടുവിൽ ചാടിവീണ കലാപകാരികൾ തോക്കു ചൂണ്ടി ഭീഷണിപ്പെടുത്തി അമ്മയെ പിടിച്ചു കൊണ്ടുപോയി. അമ്മയ്ക്കെന്തു പറ്റിയാവോ? അതിമിടുക്കനായൊരു ഹവിൽദാരാണ് മദൻലാൽ. ഒഴിവുള്ള സമയങ്ങളിലെല്ലാം വായന-സിവിൽ പരീക്ഷയ്ക്ക് തയ്യാറെടുക്കുകയാണ്. മേലാളരിലൂടെ വേണം അപേക്ഷിക്കാൻ. ക്യാപ്റ്റൻ ശുപാർശ ചെയ്യുന്നില്ല! പുസ്തകക്കൂട്ടത്തിൽ കണ്ണും നട്ടിരുന്നു കരയുന്ന സാധു സൈനികൻ! തന്റെ കൂട്ടുകാരൻ നിർമ്മൽ സിങ്ങിന്റെ അമ്മ ഉറങ്ങിയിട്ട് ഏഴുവർഷമായി; ഭർത്താവ് പാക്കിസ്ഥാനിലെ തടവിൽ യുദ്ധത്തടവുകാരനാണ്. "മിസ്സിങ്" എന്നാണാദ്യം അറിഞ്ഞത്. പറയുമ്പോൾ സുഹൃത്തിന്റെ കണ്ണുനിറയുന്നു. ഇങ്ങനെ കരളലയിക്കുന്ന അനേകം കഥകളുണ്ട് ബാരക്കുകളിൽ.

മൂന്നാമത്തെ അടരിലടങ്ങിയിരിക്കുന്നത് 1991-ൽ പട്ടാളത്തിൽ നിന്ന് പിരിഞ്ഞ് നാട്ടിലെത്തിയശേഷമുള്ള സംഭവങ്ങളാണ്. വിജയൻ മാഷ് ധർമ്മടത്ത് നിന്ന് കൊടുങ്ങല്ലൂരിലെ 'കരുണ' യിലേക്ക് തിരിച്ചെത്തുന്നതാണ് ആദ്യത്തെ അനുസ്മരണം. കോവിലനെ മുനിമടയിലെത്തി കാണുന്നതിന്റെ ഹൃദ്യമായൊരു വിവരണമുണ്ട് ഈ ഭാഗത്ത്. ആ കണ്ടശ്ശാംകടവുകാരന്റെ മനസ്സിന്റെ ശുദ്ധിയും എളിമയും വെളിവാക്കുന്നതാണ് ഈ വിവരണം.

***

ഉഴുവത്തുകടവിലൂടെ എഴുപതുവർഷം നടന്നശേഷം തിരിഞ്ഞുനോക്കുമ്പോൾ, ഇന്ന് ഒട്ടേറെ മാറിയിരിക്കുന്നു ഈ ഗ്രാമം. എങ്ങും ദാരിദ്ര്യവും അടിമത്തവും ആയിരുന്നു അന്ന്. വിദ്യയില്ലാത്തവർ, നഗ്നത മറയ്ക്കാൻ പോലും കഴിയാത്തവർ. ജന്മിയുടെ കുടിയാന്മാർ. കുടിലിന്റെ ചോർച്ച കളയാൻ ഒരു മടൽ ഓലയെടുത്താൽപോലും കുടിയിറക്കുമെന്ന് ഭീഷണിപ്പെടുത്തുന്ന കാര്യസ്ഥന്മാർ. തേങ്ങ കൂടുതൽ കിട്ടാൻ വളമിട്ട കപ്പലണ്ടിപ്പിണ്ണാക്കും ചാളമീനും രാത്രിയിലെടുത്ത് തിന്ന് വിശപ്പു തീർത്ത് വയറിളകി അവശരായവർ. ജന്മി വന്നു തേങ്ങയിട്ട് കൊട്ടയിൽ നിറച്ചു കൊണ്ടു പോകുമ്പോൾ ഒരു തേങ്ങ രണ്ടായി മുറിച്ച് ഒരു മുറി നൽകും, കുടിയാന്; എന്നും ചാരമിടുന്നതിനും വെള്ളമൊഴിക്കുന്നതിനും കൂലിയായി. രസകരമായ ഒരനുഭവം പങ്കുവെയ്ക്കുന്നുണ്ട് ഗ്രന്ഥകാരൻ, ഇതിനിടയിൽ. എട്ടണ മുദ്രപ്പത്രത്തിൽ കൂലിച്ചാർത്തെഴുതിക്കൊടുത്താണ് തുണ്ടുഭൂമിയിൽ കിടക്കുന്നത്. എപ്പോൾ വേണമെങ്കിലും കുടി ഒഴിഞ്ഞുകൊടുത്തുകൊള്ളാമെന്നാണ് കൂലിച്ചാർത്തിലെ വ്യവസ്ഥ. മഴക്കാലത്തെല്ലാം കുടിൽ ഒലിച്ചുപോകും. അതൊഴിവാക്കാൻ വെട്ടുകല്ലിട്ട് ചെറിയൊരുതറയിടാൻ അനുവാദത്തിനായി ജന്മിയോട് കെഞ്ചി. അതിക്രൂരമായിരുന്നു ജന്മിയുടെ പ്രതികരണം. അതേ ജന്മിതന്നെ, വർഷങ്ങൾ കഴിഞ്ഞപ്പോൾ വിളിച്ച് പത്തു സെന്റ് അളന്നു കൊടുത്തു! പുരോഗമന സർക്കാൻ അധികാരത്തിലെത്തുകയും ഭൂപരിഷ്കരണനിയമം നിർമ്മിക്കുകയും ചെയ്തിരുന്നു. ഈ നിയമമാണ് ഏഴകൾക്ക് സ്വന്തം കാലിൽ നിൽക്കാൻ ഇടം നൽകിയതും മനുഷ്യനായി ജീവിക്കാൻ അവർക്ക് തന്റേടം കൊടുത്തതും. കല്യാണവീടുകളിൽ എച്ചിലിലകൾക്ക് മത്സരിച്ചിരുന്ന അടിയാളർക്കു ആത്മാഭിമാനത്തിന്റെ പാഠങ്ങൾ പഠിപ്പിച്ചതും നല്ല നാളെയേപ്പറ്റിയുള്ള സ്വപ്നങ്ങൾ നൽകിയതും ഈ ആശയങ്ങളായിരുന്നു.

കമ്യൂണിസ്റ്റ് പാർട്ടി നിരോധിക്കപ്പെട്ടിരുന്ന കാലത്തും പിന്നീടും തങ്ങളുടെ സഖാക്കളെ ജന്മിമാരിൽ നിന്നും അവരുടെ പിണിയാളുകളായ പോലീസുകാരിൽ നിന്നും സ്വന്തം പ്രാണൻ പോലെ രക്ഷിക്കാൻ കാനോലിതീരത്തെ പാവപ്പെട്ടവർ അനുഭവിച്ച കഷ്ടതകൾ ചെറുതല്ല. അവരിലനേകർ മർദ്ദനമേറ്റ് മരിച്ചു, പലരും ചോര തുപ്പി ജീവച്ഛവങ്ങളായി മാറി; എങ്കിലും മോസ്ക്കോയുടെ കനൽവിത്തുകൾ അണഞ്ഞില്ല, അവർക്കൊരു

സ്വപ്നമുണ്ടായിരുന്നു. മനുഷ്യൻ എന്ന സ്വപ്നം. ജാതിമതഭേദമില്ലാത്ത, ദാരിദ്ര്യമില്ലാത്ത ഒരു ലോകം. അവർ കൂട്ടായി പാടി.

എഴുന്നേൽപ്പിൻ നിങ്ങൾ പട്ടിണിയുടെ തടവുകാരേ
സുസ്മിത സുന്ദരലോകം പിറക്കുകയായ്
അടിമകളല്ലിവർ നമ്മൾ സഹോദരരെ,
എഴുന്നേൽപ്പിൻ രക്തതാര മുദിച്ചുവല്ലോ ചക്രവാളത്തിൽ...

യോഗങ്ങളിലും മഹിളാസംഘത്തിലുമൊക്കെ മനോഹരമായി ഈ പാട്ടുപാടിക്കൊടുത്തത് ജെസ്സിയെന്നൊരു മിടുക്കിയായിരുന്നു. കൂട്ടുകാർ സുസ്മിത സുന്ദരലോകത്തെ സ്വപ്നം കണ്ടുകൊണ്ട് ഏറ്റുപാടി. ഈ കൂട്ടായ്മയിലെ സജീവാംഗമായിരുന്നു സഖാവ് കുമാരൻ. ഇരുവരും പ്രണയബദ്ധരായി. വ്യത്യസ്തമതക്കാരാണെന്ന് അവർ ഓർത്തതേ ഇല്ല. ആദർശചിന്ത അവരുടെ ലോകബോധത്തെത്തന്നെ മാറ്റിയിരുന്നു. പാരമ്പര്യചിന്തകൾ പൊട്ടിച്ചെറിയാൻ കഴിയാത്തവരിൽ നിന്ന് സ്വാഭാവികമായി എതിർപ്പുകളുയർന്നു. വീട്ടിൽ കഴിയാൻ പറ്റാത്ത അവസ്ഥ. രാത്രിയിൽ അവർ ഒളിച്ചോടി. സഹോദരൻ പിടിക്കാൻ പിന്നാലെ. ഇരുളിൽ അവർ എം.എൽ.എ. ഗോപാലകൃഷ്ണമേനോന്റെ വീട്ടിൽ അഭയം തേടി, സുരക്ഷിതരായി. അറുപത് വർഷം മുൻപിൽ നെഞ്ചിലുയർന്ന കനൽ ജെസ്സിയിന്നും കെടാതെ സൂക്ഷിക്കുന്നു.

ആ പീഡനകാലത്തെ നെഞ്ച് വിരിച്ച് നേരിട്ട അനേകരുണ്ട്, ഉഴുവത്തുകടവിൽ. അവരിലൊരാളാണ് ഡാങ്കേ കുമാരൻ. കൊടുങ്ങല്ലൂരിലും പരിസരത്തുമുള്ള നെയ്ത്തുകാരെ സംഘടിപ്പിച്ച് ശക്തനാക്കിയത് അദ്ദേഹമാണ്. വിശ്വാസികൾക്ക് ബൈബിൾ പോലെയാണ് കുമാരേട്ടന് മാനിഫെസ്റ്റോ. അദ്ദേഹത്തിന്റെ മകൾ പ്രേമലത ഒരു മുസ്ലീം യുവാവുമായി പ്രണയത്തിലായി. അതോടെ നാടിന്റെ സദാചാരബോധമിളകി. ഡാങ്കേയും ഭാര്യയും കുലുങ്ങിയില്ല. രജിസ്ട്രോഫീസിൽ വെച്ച് വിവാഹച്ചടങ്ങുകൾ പൂർത്തിയാക്കിയശേഷം അഞ്ചു കൽപനകൾ അദ്ദേഹം മകൾക്കും മരുമകനുമായി നൽകി. 'പരസ്പരം അവിശ്വസിക്കരുത്; മറ്റുള്ളവർക്ക് മാതൃകയായി ജീവിക്കണം; അന്യജീവനുതകി ആയുസ്സ് സഫലമാക്കണം; ആകാശത്തിനു കീഴിലുള്ളതെല്ലാം എല്ലാവർക്കും അവകാശപ്പെട്ടതാണെന്ന ബോധത്തോടെ ജീവിക്കണം; മാറുന്ന ലോകത്ത് നിങ്ങളും മാറിക്കൊണ്ടിരിക്കണം'. അടുത്ത കാലത്ത്, വായനശാലയുടെ നേതൃത്വത്തിൽ അദ്ദേഹഹത്തെ പൊന്നാട ചാർത്തി ആദരിക്കണമെന്ന് ചെറുപ്പക്കാർക്ക് തോന്നി. അദ്ദേഹത്തിന്റെ പ്രതികരണം: 'പൊന്നാടയോ? ആ കാശ് കൊണ്ട് സുഖമില്ലാത്ത ആർക്കെങ്കിലും മരുന്നു വാങ്ങിക്കൊടുക്ക്.' അതാണ് സഖാവ് ഡാങ്കേ കുമാരൻ!

***

ദീർഘിപ്പിക്കുന്നില്ല; ഉള്ളടക്കത്തിന്റെ സ്വഭാവം മനസ്സിലാക്കാൻ ചില സൂചനകൾ നൽകിയതാണ്. ഈ ഗ്രന്ഥം ഒരു കഥപോലെ വായിച്ചു പോകാം. എങ്കിലും കഥയല്ല; ഒരു നാടിന്റെ ഉണർവ്വിന്റെ, പ്രബുദ്ധതയുടെ, പുരോഗതിയുടെ ചരിത്രമാണിത് കാലത്തിന്റെ ഉരുൾചക്രത്തിനടിയിൽപെട്ട് ചതഞ്ഞരഞ്ഞവർ ഏറെ ഉണ്ട്; അവരുടെ ചോരയും നീരുമാണ് കല്പതരുവിന് വളമാകുന്നത്. ഉഴുവത്തുകടവിന്റെ മാത്രം കഥയല്ലിത്. കേരളത്തിന്റെ ഏത് ദേശത്തിനും പറയാനുണ്ടാകും ഇത്തരം കഥകൾ. നമ്മുടെ കഥാകാരന്മാർ പലരുമത് പറഞ്ഞിട്ടുമുണ്ട്. 'ശനിദശയും' 'ഒളിവിലെ ഓർമ്മകളു' മൊന്നും കഥകൾ മാത്രമല്ലല്ലോ നമുക്ക്.

മുന്നോട്ടു നടക്കുമ്പോൾ പിന്നോട്ടു നോക്കാൻ നാം ഓർക്കാറില്ല; ഈ വഴി വെട്ടിയവർ ആരാണെന്ന് ശ്രദ്ധിക്കാറുമില്ല. അനേകർ ജീവിതം പണയം വെച്ച് അദ്ധ്വാനിച്ചു വെട്ടിയ വഴിയിലൂടെയാണ് നാം തേരോടിക്കുന്നതെന്ന് നമ്മെ ഓർമ്മിപ്പിക്കുകയാണ് ഈ കൃതി. ചക്കമ്പി വാസുവും ഡാങ്കേകുമാരനും ജോൺ വൈദ്യനുമൊക്കെ നാടിന്റെ ചരിത്രത്തിൽ മാഞ്ഞുപോകേണ്ടവരല്ല. സത്യാനന്തരലോകത്ത് ആദർശത്തെപ്പറ്റി പറ

യുന്നതും ആദർശത്തിലുറച്ച് നിന്ന് ജീവിച്ചവരെ ഓർമ്മിപ്പിക്കുന്നതും വെറുതെയാണ്. എങ്കിലും പറഞ്ഞു കൊണ്ടേ ഇരിക്കുക എന്നത് നമ്മുടെ കടമയാണല്ലോ; പൂത്തു കൊണ്ടേ ഇരിക്കുക എന്നത് ചെടിയുടെ ധർമ്മമല്ലേ; പ്ലാസ്റ്റിക്ക് പൂക്കളാണ് ആളുകൾ മണക്കുന്നതെന്നോർത്തു വിരിയാതിരിക്കാൻ മൊട്ടുകൾക്കാകി ല്ലല്ലോ.

ആദരണീയനായ എൻ.വി. കൃഷ്ണവാരിയർ 'കൂട്ടം തെറ്റിയ കുട്ടി' എന്ന ആദ്യ നോവലിനെ അവത രിപ്പിച്ചുകൊണ്ട് 1976-ൽ ശ്രീ ഗംഗാധരനെ പരിചയപ്പെടുത്തിയതിങ്ങനെയാണ്-

'കഴിഞ്ഞ കാൽ നൂറ്റാണ്ടിൽ, കരുത്തന്മാരായ നമ്മുടെ സൈന്യത്തെ, അവയിലെ വിചിത്രങ്ങളായ വ്യക്തിത്വങ്ങളെ നമുക്ക് പരിചയപ്പെടുത്തിത്തന്ന കോവിലൻ, നന്തനാർ, പാറപ്പുറത്ത് തുടങ്ങിയ എഴുത്തു കാർ മലയാളത്തിലെ നോവൽ സാഹിത്യത്തിന് പുതിയ ഒരു മാനം, അസാധാരണമായ ഒരുൾക്കനം നൽകു കയുണ്ടായി. മനുഷ്യഹൃദയങ്ങളെപ്പറ്റി, ദുഃഖങ്ങളെപ്പറ്റി, ജീവിതത്തിന്റെ പരമസത്യത്തെപ്പറ്റി കുറെക്കൂടി അർത്ഥ ഗർഭമായ ഒരവബോധം അവർ നമ്മിൽ സൃഷ്ടിച്ചു. അവരുടെ ഇടയിലേയ്ക്ക് ഒരു പുതിയ എഴുത്തുകാരൻ കൂടി കടന്നു വന്നിരിക്കുന്നു.!'

ആഹ്ലാദത്തോടെയും അഭിമാനത്തോടെയും എൻ.വി നടത്തിയ ദീർഘ ദർശനം സ്വന്തം സാഹിത്യ ജീവിതം കൊണ്ട് ശ്രീ ഗംഗാധരൻ സാർത്ഥകമാക്കിയിട്ടുണ്ട്. അതിന്റെ തികഞ്ഞ സാഫല്യമായി ഈ നൂതന രചനയെ നമുക്ക് വിലയിരുത്താം.

ഏറെ സന്തോഷത്തോടെ ആയുസ്സിന്റെ പാരിതോഷികത്തെ സഹൃദയസമക്ഷം സമർപ്പിക്കുന്നു.

തൃപ്പൂണിത്തുറ കെ.ജി.പൗലോസ്

09.09.2020